\\

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി / സ്കൂൾ റിക്കാർഡുകളിൽ ജനന സർട്ടിഫിക്കറ്റിൽ പേര് ഉൾപ്പെടുത്തുന്നത് - ജനന സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്താൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ (സാധാ)നം: 2281/2011/പൊ.വി. തീയതി, തിരുവനന്തപുരം, 18/6/2011

പരാമർശം: (1) 1/3/2011-ലെ സ.ഉ (സാധാ) നം. 853/11/പൊ.വി.
(2) പരീക്ഷാ കമ്മീഷണർ തിരുവനന്തപുരത്തിന്റെ 27/5/2011ലെ ബി.ബി (4)/8912/2010/സി.ജി.ഇ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമാർശം 1 പ്രകാരം എസ്.എസ്.എൽ.സി/സ്കൂൾ റിക്കാർഡുകളിൽ ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷാ ഫാറം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവ് പ്രകാരം ജനന തീയതി തിരുത്തുന്നതിലേക്കായി അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ് മാത്രം സമർപ്പിച്ചാൽ മതിയായിരുന്നു. എന്നാൽ ജനന സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കാൻ തക്ക സംവിധാനങ്ങൾ ഒന്നുംതന്നെ പരീക്ഷാ കമ്മീഷണറുടെ ഓഫീസ്സിൽ നിലവിലില്ലെന്നും ജനന സർട്ടിഫിക്കറ്റ് നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇതു സംബന്ധിച്ച ആധികാരിക രേഖകൾ സൂക്ഷിക്കുന്നത് എന്നും അപേക്ഷകൻ സമർപ്പിക്കുന്ന ജനന സർട്ടിഫിക്കറ്റ് അസ്സൽ ആണോ, വ്യാജമാണോ എന്നത് ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്നും പകർപ്പ് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അയച്ച് സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതുണ്ടെന്നും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണവും സഹായവും ഉറപ്പാക്കേണ്ടതുണ്ടെന്നും പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും അയയ്ക്കുന്ന ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പുകളുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി പരീക്ഷാ കമ്മീഷണർക്ക് എത്തിക്കാൻവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ തലത്തിൽ നൽകണമെന്നും സൂചന (2) പ്രകാരം പരീക്ഷാ കമ്മീഷണർ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്കൂടി ജനനസർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പുവരുത്താൻ നിർദ്ദേശിച്ച് ഉത്തരവാകുന്നു.

സ്കൂൾ റിക്കാർഡിലെ ജനന തീയതി തിരുത്തുന്നതിനുള്ള ആധികാരിക രേഖയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റ് വേണം പരിഗണിക്കാൻ. ജനന

സർട്ടിഫിക്കറ്റിൽ കുട്ടിയുടെ യഥാർത്ഥ പേര് രേഖപ്പെടുത്തേണ്ടതും നിലവിൽ പേര് രേഖപ്പെടുത്താത്ത സർട്ടിഫിക്കറ്റിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിധേയമായി പുതുതായി പേര് രേഖപ്പെടുത്തേണ്ടതുമാണ്. പേര് രേഖപ്പെടുത്താത്ത ജനന സർട്ടിഫിക്കറ്റ്, ജനന തീയതി തിരുത്തുന്നതിനുള്ള ആധികാരിക രേഖയായി പരിഗണിക്കുന്നതല്ല.

ജനന സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും ജനനസർട്ടിഫിക്കറ്റിൽ നിർബന്ധമായും രേഖപ്പെടുത്തണം എന്നതു സംബന്ധിച്ച പ്രത്യേക ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഇറക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കൃപാനന്ദൻ. കെ.ആർ.,
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പരീക്ഷാ കമ്മീഷണർ മുഖേന)
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ